Kerala Kaumudhi 05-05-2018-P-04

# കർഷകർക്ക് ആശ്വാസവുമായി ഹോർട്ടികൾച്ചർ മിഷൻ

## ■ 22 പദ്ധതികൾക്ക് ധനസഹായം

▶ ഒ.എൻ. രാജഗോപാൽ



തൊടുപുഴ: കാർഷിക മേഖലയ്ക്ക് ആശ്വാസവുമായി ഹോർട്ടികൾച്ചർ മിഷൻ നടപ്പു സമ്പത്തിക വർഷം സംസ്ഥാനത്ത് 22 പദ്ധതികൾ നടപ്പാക്കുന്നു. 25 ലക്ഷം രൂപ ചെലവിൽ നാല് ഹെക്ടറിൽ ഹൈടെക് നഴ്സറി, ഒരു ഹെക്ടറിൽ ചെറുകിട നഴ്സറിക്ക് 15 ലക്ഷം രൂപ, നഴ്സറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 10 ലക്ഷം രൂപ, നിലവിലുള്ള ടിഷ്യു കൾച്ചർ യൂണിറ്റുകളുടെ ശാക്തീകരണത്തിന് 20 ലക്ഷം രൂപ, കൂൺ ഉത്പാദന യൂണിറ്റിന് 20 ലക്ഷം രൂപ, കൂൺവിത്ത് ഉത്പാദക യൂണിറ്റിന് 15 ലക്ഷം രൂപ, സംയോജിത രോഗ കീടനിയന്ത്രണത്തിൽ ഡിസീസ് ഫോർ കാസ്റ്റിംഗ് യൂണിറ്റിന് 5 ലക്ഷം രൂപ എന്നിങ്ങനെയാണ് ചെലവാക്കുന്നത്.

ബയോകൺട്രോൾ ലാബിന് 90 ലക്ഷം രൂപ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് 25 ലക്ഷം രൂപ, ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷൻ 25 ലക്ഷം രൂപ, സംയോജിത പായ്ക്ക് ഹൗസിന് 50 ലക്ഷം രൂപ, പാക്ക് ഹൗസ് ഓൺ ഫാം കളക്ഷൻ യൂണിറ്റിന് 4 ലക്ഷം രൂപ, പ്രീകൂളിംഗ് യൂണിറ്റിന് 25 ലക്ഷം രൂപ, കോൾഡ് റൂമിന് 15 ലക്ഷം രൂപ, റൈപ്പനിംഗ് ചേമ്പറിന് ഒരു ലക്ഷം രൂപ, റീഫർവാൻ 26 ലക്ഷം രൂപ, മൊബൈൽ പ്രോസസിംഗ് യൂണിറ്റിന് 25 ലക്ഷം രൂപ, ഗ്രാമീണ വിപണിക്ക് 25 ലക്ഷം രൂപ, ചില്ലറ വിപണിക്ക് 15 ലക്ഷം രൂപ, വെഡിംഗ് കാർട്ടിന് 3 ലക്ഷം രൂപ, ഹൈടെക് കൂൺ യൂണിറ്റിന് 2 ലക്ഷം രൂപ എന്നിങ്ങനെയും ചെലവഴിക്കും.

## കോൾഡ് സ്റ്റോറേജിന് ₹2 കോടി

കോൾഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങാൻ രണ്ട് കോടി രൂപയുടെ ചെലവും ഹോർട്ടികൾച്ചർ മിഷൻ പ്രതീക്ഷിക്കുന്നുണ്ട്. ഇതിന് 70 ലക്ഷം രൂപ സബ്സിഡി ലഭിക്കും. കർഷകർ, കൂട്ടായ്മകൾ, കോ - ഓപ്പറേറ്റീവ് സൊസൈറ്റികൾ, സർക്കാർ വകുപ്പുകൾ എന്നിവ മുഖേന പദ്ധതി നടപ്പാക്കാം. സർക്കാർ ഏജൻസികൾക്ക് മൊത്തം തുകയുടെ 35 ശതമാനം മുതൽ 100 ശതമാനം വരെയും വ്യക്തികൾക്കും കർഷകർക്കും 35 ശതമാനം മുതൽ 75 ശതമാനം വരെയും ധനസഹായം ലഭിക്കും.